കവർസ്റ്റോറി

എം.ഡി നാലപ്പാട്ട്

# സംഘർഷമല്ല, സംവാദം

## ജനീവ കോൺഫറൻസിന്റെ സന്ദേശം



**പ്രവാചകന്** ഖുർആൻ അവതരിച്ച് ഒന്നര നൂറ്റാണ്ട് പിന്നിട്ടപ്പോഴേക്കും ഇസ്‌ലാമിന്റെ സുവർണയുഗം വരവായി. തുടർന്നുള്ള അഞ്ച് നൂറ്റാണ്ടുകൾ മുസ്‌ലിംകൾ അവരുടെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളാലും സാഹിത്യ വൈജ്ഞാനിക കൃതികളാലും ലോകത്തെ കണ്ണഞ്ചിപ്പിച്ചുകളഞ്ഞു. പഠനഗവേഷണങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും അവർ നൽകി. മുസ്‌ലിംകളല്ലാത്ത ഇതര മതവിശ്വാസികൾ എല്ലാ നിലക്കും ആദരിക്കപ്പെട്ടു. സ്പെയിൻ, ബൾഗേറിയ പോലുള്ള നിരവധി നാടുകളിൽ മുസ്‌ലിംകളുടെ വിശ്വാസ പ്രമാണത്തിന് പ്രചാരം സിദ്ധിച്ചു. എന്നാൽ ഖുർആൻ അവതരണത്തിന്റെ ഒമ്പത് നൂറ്റാണ്ട് പിന്നിട്ടപ്പോൾ കാര്യങ്ങൾ നേരെ കീഴ്മേൽ മറിയുകയാണുണ്ടായത്. യൂറോപ്യൻ നാടുകൾ ശാസ്ത്രത്തിലും വിദ്യാഭ്യാസത്തിലും മുസ്‌ലിം നാടുകളെ മുൻകടക്കാൻ തുടങ്ങി. പിന്നീടുള്ള മൂന്ന് നൂറ്റാണ്ടുകൾക്കകം ലോകത്തിന്റെ മിക്ക ഭൂപ്രദേശങ്ങളും യൂറോപ്യന്മാരുടെ കാൽക്കീഴിലാവുകയും ചെയ്തു. അവർ തെക്കും വടക്കും അമേരിക്കകൾ

അധിനിവേശപ്പെടുത്തി. വൈകാതെ അവിടത്തെ ആദിമ നിവാസികൾ ഏറക്കുറെ ചത്തൊടുങ്ങി. വസൂരിയായിരുന്നു കൊലയാളി. യൂറോപ്പിൽ വസൂരി ബാധിച്ചവർ ഉപയോഗിച്ചിരുന്ന പുതപ്പുകൾ തദ്ദേശവാസികൾക്ക് വിതരണം ചെയ്യുകയായിരുന്നു യൂറോപ്യർ. തദ്ദേശവാസികളെ കൂട്ടത്തോടെ കൊന്നൊടുക്കിയ മറ്റൊന്ന് ലൈംഗിക രോഗമായ സിഫിലിസ് ആയിരുന്നു. അതും യൂറോപ്യരുടെ സംഭാവനതന്നെ.

ആസ്ട്രേലിയയിലും യൂറോപ്യൻ കുടിയേറ്റക്കാർ തദ്ദേശവാസികളെ കൊന്നൊടുക്കുകയായിരുന്നു. ആഫ്രിക്കയിൽനിന്ന് മില്യൻ കണക്കിന് ആളുകളെ പിടികൂടി അടിമകളാക്കി അമേരിക്കൻ ഐക്യനാടുകളിലേക്ക് കയറ്റി അയച്ചു. മിക്ക ഏഷ്യൻ രാജ്യങ്ങളും യൂറോപ്യൻ കൊളോണിയൽ ഭരണത്തിൻ കീഴിലായി. മുഗളന്മാരും ഇന്ത്യക്ക് പുറത്തുനിന്ന് വന്നവരായിരുന്നെങ്കിലും, അവരുടെ കാലത്ത് തദ്ദേശീയ സമ്പദ്ഘടനക്ക് പോറലൊന്നും ഏറ്റിരുന്നില്ല. അതുകൊണ്ടാണ്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആഗോള ഉൽപാദനത്തിന്റെ അമ്പത് ശതമാനത്തിലധികം ഇന്ത്യയും ചൈനയും ചേർന്ന ഭൂവിഭാഗത്തിന്റെ പേരിൽ വരവ് വെക്കപ്പെട്ടത്. എന്നാൽ പിന്നീടുള്ള 150 വർഷങ്ങൾക്കകം ആ വിഹിതം മൂന്ന് ശതമാനമായി താണു. കാരണം ഈ കാലയളവിൽ ഇന്ത്യ ബ്രിട്ടീഷുകാരുടെ ചൊൽപ്പടിയിലാവുകയും ചൈന യൂറോപ്യൻ രാജ്യങ്ങളുടെയും ജപ്പാന്റെയും തിട്ടൂരങ്ങൾക്കൊത്ത് ചലിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്തിരുന്നു. ഗൾഫ് മേഖലയെ ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും വീതംവെച്ചെടുക്കുകയാണുണ്ടായത്. 1916-ൽ ആ മേഖലയെ വ്യത്യസ്ത രാജ്യങ്ങളായി അവർ വെട്ടിമുറിച്ചു. പെട്രോളില്ലാത്ത പ്രദേശങ്ങളിൽ കൂടുതൽ ജനങ്ങളെ പാർപ്പിച്ചും പെട്രോളുള്ള പ്രദേശങ്ങളിൽ ജനസംഖ്യ കുറച്ചും അവർ രാജ്യങ്ങളെ വളച്ചുകെട്ടിയുണ്ടാക്കി എന്നതാണ് ഇതിൽ താൽപര്യമുണർത്തുന്ന കാര്യം. ഇങ്ങനെയാണ് ഗൾഫ് രാജ്യങ്ങൾ സമ്പന്നമായത്.

കൊന്നൊടുക്കിയും മറ്റും യൂറോപ്യരല്ലാത്ത ജനവിഭാഗങ്ങളെ യൂറോപ്യൻ കൊളോണിയൽ ശക്തികൾ കൈകാര്യം ചെയ്ത വിധവും, നൂറുക്കണക്കിന് വർഷങ്ങൾ മുസ്‌ലിം ആധിപത്യത്തിൽ കഴിഞ്ഞ യൂറോപ്യന്മാരുടെ അനുഭവവും ഇവിടെ താരതമ്യം ചെയ്തു നോക്കാവുന്നതാണ്. മുസ്‌ലിം ഭരണത്തിൽ തദ്ദേശീയർ സംരക്ഷിക്കപ്പെടുകയും തങ്ങളുടെ വിശ്വാസാചാരങ്ങൾ അനുസരിച്ച് ജീവിക്കാൻ അവരെ അനുവദിക്കുകയും ചെയ്തിരുന്നു. ഇന്ത്യയെ കുറിച്ച് പറയുകയാണെങ്കിൽ ഔറംഗസീബിനെ പോലുള്ള ചില മുഗള ഭരണാധികാരികൾ ക്രൂരന്മാരായിരുന്നു. ഒരുപാട് ഹിന്ദു രാജാക്കന്മാരും സ്വന്തം പ്രജകളോട് ക്രൂരത കാണിച്ചവരായിരുന്നല്ലോ. ഔറംഗസീബിന്റെ അടിച്ചമർത്തൽ മുഗള ഭരണത്തെ ദുർബലമാക്കി. അങ്ങനെയാണ് മറാത്ത, സിക്ക് ശക്തികൾ ഉയർന്നുവന്നത്. അവരാകട്ടെ സാങ്കേതിക മികവുള്ള ബ്രിട്ടീഷുകാരാൽ തോൽപ്പിക്കപ്പെടുകയും ചെയ്തു. അറിവിന്റെയും വിദ്യാഭ്യാസത്തിന്റെയും മേധാവിത്വമാണ് ഇവിടെ കണ്ടത്. അറിവ് നേടുകയും കണ്ടെത്തലുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നവർക്കായിരിക്കും ലോകത്തിന്റെ നേതൃത്വം. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം, അവരുടെ കഴിഞ്ഞ രണ്ട് നൂറ്റാണ്ട്, പ്രവാചകന് തൊട്ടു ശേഷമുള്ള അഞ്ച് നൂറ്റാണ്ടുകളിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു. വിദ്യാഭ്യാസം, പുതിയ കണ്ടെത്തലുകൾ, സാങ്കേതികവിദ്യകൾ ഇവയിലെല്ലാം രണ്ട് നൂറ്റാണ്ടായി മുസ്‌ലിംകൾ വളരെ പിറകിലാണ്.

ഗൾഫ് മേഖല ഭരിച്ചുകൊണ്ടിരുന്ന ഉസ്മാനി ഭരണകർത്താക്കളെ ബ്രിട്ടീഷുകാർ എങ്ങനെ പുറത്താക്കി എന്ന് നാം അറിയണം. ബ്രിട്ടീഷുകാർ തദ്ദേശീയരായ ചില വിഭാഗങ്ങളെ സൂത്രത്തിൽ വശപ്പെടുത്തി അവരോട് ഇങ്ങനെ പറഞ്ഞു: 'ഈ

തുർക്കികൾക്ക് നിങ്ങളുടെ മതത്തിലൊന്നും വലിയ വിശ്വാസം പോര. പിന്നെ നിങ്ങൾ എങ്ങനെ അവരെ നിങ്ങളുടെ മതത്തിന്റെ പ്രതിനിധികളായി കാണും?' വർഷങ്ങൾക്കു ശേഷം 1979-ൽ അമേരിക്ക ഇതേ തന്ത്രം പുറത്തെടുത്തു; സോവിയറ്റ് യൂനിയനെ തകർക്കാൻ വലിയൊരു വിഭാഗം മതഭ്രാന്തന്മാരെ വിലക്കെടുത്തുകൊണ്ട്. അവർക്ക് സാമ്പത്തിക സഹായവും പരിശീലനവും നൽകി. ഇത്തരം തീവ്രവാദി വിഭാഗങ്ങളെ ഒറ്റപ്പെടുത്തി, മിതവാദികളായ അഫ്ഗാനികളെ അണിനിരത്തി അമേരിക്കക്ക് സോവിയറ്റ് യൂനിയനോട് പോരാടാമായിരുന്നു. എണ്ണത്തിൽ പരിമിതരായ ഈ തീവ്രവാദി വിഭാഗങ്ങളാണ് ഇസ്‌ലാമിന്റെ പേരും പറഞ്ഞ് ഇന്ന് ലോകം മുഴുക്കെ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇത് മൊത്തം മുസ്‌ലിംകളെയും ലോകം സംശയക്കണ്ണോടെ നോക്കാൻ ഇടവരുത്തി. അങ്ങനെയാണ് 20 വർഷം മുമ്പ് സാമുവൽ ഹണ്ടിംഗ്ടന്റെ 'സംസ്കാരങ്ങളുടെ സംഘട്ടനം' പോലുള്ള തിയറികൾ ആവിർഭവിച്ചത്. അത്തരത്തിലാണ് ഭാവിയെങ്കിൽ അത് മാനവകുലത്തിന് ബീഭത്സമായിരിക്കുമെന്നതിൽ സംശയമില്ല.

ഇതുകൊണ്ടാണ് സുഊദി അറേബ്യയിലെ അബ്ദുല്ല രാജാവ് വിവിധ ജനവിഭാഗങ്ങളെ ഒന്നിപ്പിക്കാനും മതസംഘർഷങ്ങളിൽനിന്ന് ലോകത്തെ രക്ഷിക്കാനും അതിനുള്ള പോംവഴികൾ ആരായാനും മുന്നിട്ടിറങ്ങിയത്. വിവിധ മതക്കാർ ഒരുമയോടെ സമാധാനത്തിൽ കഴിയണം. ഇസ്‌ലാം തന്നെ സമാധാനത്തിന്റെ മതമാണല്ലോ. മതവിഭാഗങ്ങളുടെ ഈ ഒത്തൊരുമക്ക് തെളിവ് നിങ്ങൾക്ക് ഗൾഫിൽ തന്നെ കണ്ടെത്താം. ഗൾഫ് നാടുകളിൽ വിവിധ മതക്കാർ ഒന്നിച്ച് തൊഴിലെടുത്ത് ജീവിക്കുന്നു. മുസ്‌ലിംകൾക്ക് ബഹുഭൂരിപക്ഷമുള്ള ഗൾഫ് നാടുകൾ ഇതര മതവിഭാഗങ്ങളെ മാറ്റിനിർത്തുന്ന സമീപനം സ്വീകരിച്ചിരുന്നുവെങ്കിൽ, ദൈവം കനിഞ്ഞു നൽകിയ ആ സമ്പത്തിൽ മറ്റു മതക്കാർക്ക് ഒരു പങ്കും കിട്ടുമായിരുന്നില്ല. ഇന്ത്യയിലും ബംഗ്ലാദേശിലും പാകിസ്താനിലും ശ്രീലങ്കയിലുമുള്ള നിരവധി ഹിന്ദു, ബുദ്ധിസ്റ്റ്, ക്രിസ്ത്യൻ, മുസ്‌ലിം കുടുംബങ്ങൾ ഗൾഫിനെ ആശ്രയിച്ചാണ് ഇന്ന് കഴിയുന്നത്.

ഗൾഫ് നാടുകളിൽ തന്നെ സുഊദി അറേബ്യക്ക് സമുന്നത സ്ഥാനമുണ്ട്. കാരണം ഏകദേശം പതിനഞ്ച് നൂറ്റാണ്ട് മുമ്പ് പ്രവാചകന് ദിവ്യബോധനം ഇറങ്ങിയ മണ്ണാണത്. അവിടെയാണ് പുണ്യ നഗരങ്ങളായ മക്കയും മദീനയും. അതിനാൽ സുഊദി ഭരണാധികാരി എടുക്കുന്ന നിലപാടിന് 1.5 ബില്യൻ വരുന്ന ഇസ്‌ലാം മതവിശ്വാസികളുടെ ചിന്താഗതിയെ ഗണ്യമായി സ്വാധീനിക്കാനാവും. കഴിഞ്ഞൊരു നൂറ്റാണ്ടായി ഇസ്‌ലാമിനെക്കുറിച്ച് തെറ്റായ ഒരു സങ്കൽപം പൊതുസമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഇതര വിഭാഗങ്ങൾക്കെതിരെ നിരന്തരം പോരടിച്ചുകൊണ്ടിരിക്കണം, അത് ഹിംസാത്മകമായാൽപോലും എന്ന് ഇസ്‌ലാം അതിന്റെ അനുയായികളെ ഉദ്ബോധിപ്പിക്കുന്നുണ്ട് എന്നതാണ് ആ ധാരണ. ഇതിന്റെ പ്രചാരകരായി ചില മതാചാര്യന്മാരെയും നാം കാണുന്നുണ്ട്. അവർ മതത്തിന് അവരുടേതായ വ്യാഖ്യാനങ്ങൾ നൽകുന്നു. ഹിംസയിലും ചിലപ്പോൾ വലിയ തോതിലുള്ള അതിക്രമങ്ങളിലും അത് ചെന്നെത്തുന്നു. അതിന്റെ ഭീമാകാര രൂപമായിരുന്നു 2001 സെപ്റ്റംബർ 11-ന് ന്യൂയോർക്കിലും വാഷിംഗ്ടണിലും നാം കണ്ടത്.

കാരുണ്യവാനും ഔദാര്യവാനും എന്നാണ് ദൈവത്തെ വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്. ഈ സ്നേഹ കാരുണ്യങ്ങളാണ് മുസ്‌ലിം വിശ്വാസത്തെ വേറിട്ടു നിർത്തുന്നത്. സർവശക്തനിൽ വിശ്വാസമുള്ള ഓരോ വ്യക്തിയിലും ഈ കാരുണ്യഭാവവും പരസ്നേഹവും പ്രകടമാവണം. ഈ ദൈവിക ഗുണങ്ങളെ ആന്തരവത്കരിക്കുകയും, ലോകവുമായി ഇടപഴകുമ്പോൾ അവയെ തന്റെ സ്വത്വഗുണങ്ങളായി

മാറ്റിയെടുക്കുകയും ചെയ്യാത്ത ഒരാൾ 'സമാധാനം' എന്ന അർഥമുള്ള ഇസ്‌ലാമിനെ മനസ്സിലാക്കി എന്ന് പറയാനാവില്ല. കമല സുറയ്യ ചൂണ്ടിക്കാട്ടിയത് പോലെ, "പ്രതികാരത്തിന്റെയും കോപത്തിന്റെയുമല്ല, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തീമത്ഭാവമാണ് സർവശക്തനായ ദൈവം. ഈ വിശ്വാസക്രമത്തെ ദൈവം പേരു ചൊല്ലി വിളിച്ചത് 'സമാധാനം' എന്നല്ലേ, 'പ്രതികാരം'എന്നല്ലല്ലോ." ഇസ്‌ലാമിന്റെ പേരിൽ ബോംബ് വെക്കുകയും ആളുകളെ കൊലപ്പെടുത്തുകയും വികലാംഗരാക്കുകയും തട്ടിക്കൊണ്ട് പോവുകയും ചെയ്യുന്ന ഗ്രൂപ്പുകളുടെ ഇരുണ്ട ദർശനത്തിൽനിന്ന് കവയിത്രിയുടെ യഥാർഥ ഇസ്‌ലാമിക വിഭാവന എന്തുമാത്രം വ്യത്യാസപ്പെട്ടു നിൽക്കുന്നു എന്നു നോക്കൂ.

നമുക്ക് ആ പഴയ കാലത്തേക്ക് തിരിച്ചുപോകാം. ഖുർആൻ അവതരിച്ചതിനു ശേഷമുള്ള ഒന്നര നൂറ്റാണ്ട്, ഇസ്‌ലാമിന്റെ സുവർണ യുഗമായ തുടർന്നുള്ള അഞ്ച് നൂറ്റാണ്ട് ഈ കാലയളവിലൊന്നും ഇസ്‌ലാം പ്രചരിപ്പിക്കാൻ ഉപയോഗിച്ച 'ആയുധങ്ങൾ' ബലപ്രയോഗത്തിന്റേതായിരുന്നില്ല. ശാസ്ത്രവും സംസ്കാരവും വൈജ്ഞാനിക കലാ സാഹിത്യവുമെല്ലാം പ്രചാരണായുധങ്ങളായി മാറുകയായിരുന്നു. മറ്റു മതവിഭാഗങ്ങൾക്ക് എന്തു മാത്രം ആദരവാണ് നൽകപ്പെട്ടത്! ജൂത സമൂഹത്തിന്റെ കാര്യമെടുക്കൂ. മുസ്‌ലിം നാടുകളിൽ അവർക്ക് ലഭിച്ച ആദരവും സുരക്ഷയും ക്രിസ്ത്യൻ നാടുകളിൽ അവർക്ക് ലഭിച്ചിരുന്നില്ല. കമല സുറയ്യയെ ഒരിക്കൽ കൂടി ഉദ്ധരിക്കട്ടെ: "ഭാവിയുടെ മതം ഇസ്‌ലാമായിരിക്കും. പക്ഷേ, ഇതൊരിക്കലും ഹിംസയിലൂടെയല്ല സംഭവിക്കുക. കലയുടെയും സംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും അക്ഷയഖനികൾ ലോകത്തിന് പകർന്നു നൽകാൻ മുസ്‌ലിംകൾ പ്രാപ്തി നേടുമ്പോഴാണ്. മുസ്‌ലിംകൾ സഹിഷ്ണുതയുടെയും കാരുണ്യത്തിന്റെയും ദീനാനുകമ്പയുടെയും മാതൃക മനുഷ്യകുലത്തിന് മുമ്പിൽ കാഴ്ചവെക്കുമ്പോഴാണ്."

ഈ ദൈവിക ഗുണവിശേഷണങ്ങളാണ്, പിശാചിന്റെ ഗുണങ്ങളായ വെറുപ്പും ഹിംസയുമല്ല മുസ്‌ലിംകളെ നേർപാതയിലെത്തിക്കുക; സുവർണ യുഗത്തിലേക്ക് അവരെ തിരിച്ചുകൊണ്ടുവരിക. അതിന് മതസമൂഹങ്ങൾക്കിടയിൽ വളർന്നു കഴിഞ്ഞ പരസ്പര അവിശ്വാസവും സംശയവും ഇല്ലാതാക്കണം. കഴിഞ്ഞ വർഷം അബ്ദുല്ല രാജാവ് മക്കയിൽ ഒരു സമ്മേളനം വിളിച്ചത് ഇക്കാര്യം ചർച്ച ചെയ്യാനായിരുന്നു. 500 മുസ്‌ലിം പണ്ഡിതന്മാർ പങ്കെടുത്ത ആ സമ്മേളനം 2008 മധ്യത്തിൽ സ്പെയിനിലെ മാഡ്രിഡിൽ ഒരു മതസംവാദ സദസ്സ് സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. സ്പെയിൻ തെരഞ്ഞെടുത്തത് എന്തുകൊണ്ടും അർഥവത്തായിരുന്നു. ചരിത്രപരമായി, ഇസ്‌ലാമിക ഖിലാഫത്തിന്റെ തിളക്കമാർന്ന രത്നങ്ങളിലൊന്നും കുരിശുയുദ്ധത്തിന്റെ പ്രഭവകേന്ദ്രവും ആയിരുന്നല്ലോ സ്പെയിൻ. ഇസ്‌ലാം, ജൂത, ക്രൈസ്തവ സെമിറ്റിക് മതങ്ങൾക്ക് പുറമെ ജൈന, സിക്ക്, ഹിന്ദു, ബുദ്ധ മതപ്രതിനിധികളെയും സമ്മേളനത്തിലേക്ക് ക്ഷണിച്ചു. വിവിധ മതസമൂഹങ്ങൾക്ക് എങ്ങനെ ഒത്തൊരുമയോടെ മുന്നോട്ടു പോകാം എന്നതിന്റെ കൃത്യമായ ഒരു റോഡ്മാപ്പ് തന്നെയായിരുന്നു മാഡ്രിഡ് പ്രഖ്യാപന(Madrid Declaration)ത്തിൽ വരച്ചുവെച്ചിരുന്നത്. തൊട്ടുടനെ ഒരു സംവാദം ന്യൂയോർക്കിലും നടന്നിരുന്നു. അതിന്റെ തുടർച്ചയാണ് കഴിഞ്ഞ സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 1 വരെ നടന്ന, ഈ ലേഖകൻ ഉൾപ്പെടെയുള്ളവർ ക്ഷണിക്കപ്പെട്ട ജനീവ കോൺഫറൻസ്. മുസ്‌ലിം വേൾഡ് ലീഗിന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ മൂന്നാം ആഗോള മതസംവാദ സമ്മേളനം. മാഡ്രിഡ് സമ്മേളനം നടക്കു



**ജനീവയിലെ ഇന്റർകോണ്ടിനെന്റൽ ഹോട്ടലിൽ ചേർന്ന സമ്മേളനം മുഖ്യമായും ശ്രദ്ധയൂന്നിയത്, വിവിധ മതവിഭാഗങ്ങൾ പങ്കുവെക്കുന്ന പൊതുമൂല്യങ്ങൾ കണ്ടെത്തുന്നതിനും അവ ഉയർത്തിക്കാട്ടി തെറ്റിദ്ധാരണകൾ പരമാവധി നീക്കം ചെയ്യുന്നതിനുമായിരുന്നു.**

ന്നതിന് ഏതാനും മാസങ്ങൾക്ക് മുമ്പ് അബ്ദുല്ല രാജാവ് വത്തിക്കാനിൽ ചെന്ന് പോപ്പിനെ സന്ദർശിച്ചിരുന്നു. വിവിധ മതസമൂഹങ്ങളിൽ പരസ്പര വിശ്വാസം വളർത്തുന്ന തന്റെ സംരംഭത്തിന് പോപ്പിന്റെ പിന്തുണ തേടുകയായിരുന്നു ഉദ്ദേശ്യം.

ജനീവയിലെ ഇന്റർകോണ്ടിനെന്റൽ ഹോട്ടലിൽ ചേർന്ന സമ്മേളനം മുഖ്യമായും ശ്രദ്ധയൂന്നിയത്, വിവിധ മതവിഭാഗങ്ങൾ പങ്കുവെക്കുന്ന പൊതുമൂല്യങ്ങൾ കണ്ടെത്തുന്നതിനും അവ ഉയർത്തിക്കാട്ടി തെറ്റിദ്ധാരണകൾ പരമാവധി നീക്കം ചെയ്യുന്നതിനുമായിരുന്നു. ഹിന്ദുമതത്തിലെ ചില ആശയങ്ങൾ സദസ്സുമായി പങ്കുവെക്കാൻ എനിക്ക് അവസരമുണ്ടായി. ഹിന്ദുമതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മന്ത്രം ഗായത്രി മഹാ മന്ത്രമാണെന്ന് ഞാൻ പറഞ്ഞു. ഒരു പരാശക്തിയുണ്ടെന്ന് ആ മന്ത്രത്തിൽ വ്യക്തമാക്കുന്നുണ്ട്. പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പ് കടപ്പെട്ടിരിക്കുന്നത് ആ പരാശക്തിയോടാണ്. വ്യാഖ്യാനിക്കാനോ വിവരിക്കാനോ കഴിയാത്ത അതിസങ്കീർണമായ ഒന്നാണ്

ഈ മഹാ പരാശക്തി എന്നതിനാൽ, 'സനാതന ധർമ'ത്തിന്റെ അനുയായികൾ ദിവ്യാസ്തിത്വത്തിന്റെ ഗുണവിശേഷണങ്ങൾ വെവ്വേറെയാക്കി വെക്കാൻ തുടങ്ങി. അങ്ങനെയാണ് വിദ്യക്ക് സരസ്വതിയും പണത്തിന് ലക്ഷ്മിയും യുദ്ധവിജയത്തിന് കാളിയും ഉണ്ടായത്. സ്രഷ്ടാവ് (ബ്രഹ്മ), സംഹാരകൻ (ശിവ), സംരക്ഷകൻ (വിഷ്ണു) എന്നീ ത്രിത്വ ഗുണങ്ങളാകട്ടെ ഒരേ ആദിപരാശക്തിയിൽ നിലീനവുമാണ്. പല ഹിന്ദുക്കൾക്കും മൂവായിരം കൊല്ലം മുമ്പ് ആദിശങ്കരൻ മഹാ പരാശക്തിക്ക് നൽകിയ നിർവചനം അറിഞ്ഞുകൂടാ. അദ്ദേഹം പറഞ്ഞു: "എല്ലാം തികഞ്ഞ, സർവജ്ഞനായ പ്രപഞ്ചത്തിന്റെ ഉടമസ്ഥൻ. സ്രഷ്ടാവും സംഹാരകനും. അനാന്ത്യനും മാറ്റമില്ലാത്തവനും. ഇതാണ് ഈശ്വരൻ." സർവശക്തനെക്കുറിച്ച അവ്യക്തത ഒട്ടുമില്ലാത്ത നിർവചനം.

അതേസമയം, ഖുർആനിലും ഹൈന്ദവ വേദങ്ങളിലും വന്ന ഈശ്വര വിഭാവനയിൽ ധാരാളം വ്യത്യാസങ്ങളും നിങ്ങൾക്ക് കാണാം. ഉദാഹരണത്തിന് അദ്വൈത വേദാന്തം ഖുർആനിക വീക്ഷണവുമായി ഒത്തുപോവുകയില്ല. ഇസ്ലാമിലുള്ളതിനേക്കാൾ കുറേകൂടി ഇലാസ്തികവും അയഞ്ഞതുമായ (flexible) ദൈവസങ്കൽപവും അനുഷ്ഠാനമുറകളുമാണ് സനാതന ധർമക്കാർ പുലർത്തുന്നത്. ഈ ദാർശനിക ഭിന്നതകൾ ഉള്ളതോടൊപ്പം, പരമമായ ഒരേക ശക്തിയെ സനാതന ധർമക്കാരും അംഗീകരിക്കുന്നു എന്നതാണ് ഇവിടെ എടുത്തു കാട്ടേണ്ട സംഗതി. എന്നാൽ ക്രൈസ്തവ മതവിശ്വാസത്തിലുള്ളതുപോലെ, മനുഷ്യവംശത്തിന് തന്റെ ബലിയിലൂടെ മുക്തി നൽകുന്ന യേശുക്രിസ്തുവിനെപ്പോലെ ഒരു പുത്രസങ്കൽപം സനാതന ധർമത്തിൽ ഇല്ല.

ഭിന്നതകളേക്കാൾ കൂടുതൽ യോജിപ്പുകളാണ് വിവിധ മതങ്ങൾ തമ്മിൽ ഉള്ളതെന്നർഥം. ഒരു സർവശക്തനിലുള്ള വിശ്വാസമാണ് ഇവരെ കണ്ണിചേർക്കുന്ന ഘടകം. തങ്ങളുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിൽ പൊതുസമ്മതമായ കാര്യങ്ങളാണ് കൂടുതലെന്ന് വിവിധ മതവിശ്വാസികൾ തിരിച്ചറിയുന്നതോടെ അവർക്കിടയിലുള്ള സംഘർഷം വലിയൊരളവിൽ കുറയും. ഇങ്ങനെ ഭിന്നതകൾ കുറച്ചുകൊണ്ട് വരിക എന്നതാണ് ഇത്തരം സമ്മേളനങ്ങൾ വിളിച്ചുചേർത്തപ്പോൾ അബ്ദുല്ല രാജാവ് ഉദ്ദേശിച്ചത്. നാഗരികതകളുടെ സംഘർഷമല്ല, സ്വരച്ചേർച്ച.

ഈ സ്വരച്ചേർച്ച നേരത്തേ തന്നെ നിലനിൽക്കുന്ന സമൂഹങ്ങളെയും നമുക്ക് കാണാം. ഉദാഹരണത്തിന് ഇന്ത്യയെ എടുക്കുക. ഓരോ ഇന്ത്യക്കാരന്റെയും 'സാംസ്കാരിക ഡി.എൻ.എ'യിൽ മൂന്ന് ധാരകൾ നിങ്ങൾ കാണാതിരിക്കില്ല. വൈദികധാര, മുഗള ധാര, പാശ്ചാത്യ ധാര എന്നിങ്ങനെ. ഈ മൂന്നും ചേർന്നുണ്ടാകുന്ന സങ്കര സംസ്കൃതിയാണ് ഇന്ത്യയുടെ ശക്തി. ഹിന്ദുക്കളിലും മുസ്ലിംകളിലും ക്രിസ്ത്യാനികളിലും മറ്റു മതവിഭാഗക്കാരിലുമെല്ലാം ഈ 'ഡി.എൻ.എ സംയോജനം' കാണാം.

മുസ്ലിം വേൾഡ് ലീഗിലെ സുഊദി പ്രതിനിധികളും ആ സംഘടനയുടെ സെക്രട്ടറിയായ അൽതുർക്കിയും അറബ് പാരമ്പര്യത്തിന് ചേർന്ന വിധം ഹൃദ്യമായ ആതിഥ്യമാണ് ഞങ്ങൾക്ക് നൽകിയത്. വിവിധ മതക്കാരാണെങ്കിലും എല്ലാവർക്കും വീട്ടിലെത്തിയ പ്രതീതി ജനിപ്പിക്കാൻ സംഘാടകർക്ക് കഴിഞ്ഞു. ഹിന്ദു, ജൈന, ബുദ്ധ മതവിഭാഗങ്ങൾക്ക് സസ്യാഹാരം പ്രത്യേകമായി ഏർപ്പാടാക്കിയിരുന്നു. ജൂത മതാചാര പ്രകാരമുള്ള ഭക്ഷണവും(kosher) തയാറാക്കി.

ഇതിനെ അബ്ദുല്ലാ രാജാവിന്റെ 'പി.ആർ.എക്സർസൈസ്' ആയി കാണുന്നവരുണ്ടാവാം. ക്രിസ്ത്യൻ, മുസ്ലിം, ഹിന്ദു, ജൂത മതനേതാക്കളെ ഒരുമിച്ചിരുത്തി,

എല്ലാവരും സമാധാനത്തോടെ ജീവിക്കുന്ന ഒരു ലോകത്തിന് വേണ്ടിയുള്ള തന്റെ പ്രതിബദ്ധതയാണ് ഇതിലൂടെ അദ്ദേഹം തെളിയിച്ചത് എന്നാണ് എനിക്ക് തോന്നുന്നത്.

യൂറോപ്യൻ മീഡിയ സമ്മേളനത്തിന് വളരെക്കുറഞ്ഞ കവറേജേ നൽകിയുള്ളൂ എന്ന് ദുഃഖത്തോടെ പറയേണ്ടിവരുന്നു. വിദ്വേഷം വമിക്കുന്ന ഒരു പ്രസംഗം അവിടെ നടന്നിരുന്നെങ്കിൽ ഈ മീഡിയ അത് മുൻപേജ് വാർത്തയാക്കുമായിരുന്നു. കുറഞ്ഞൊരു വിഭാഗം ആളുകൾ എപ്പോഴും മുസ്‌ലിംകളെ അസഹിഷ്ണുതയുടെയും വെറുപ്പിന്റെയും വാർപ്പുമാതൃകകളാക്കി മാത്രം അവതരിപ്പിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. ബഹുഭൂരിപക്ഷവും അങ്ങനെയല്ല എന്ന യാഥാർഥ്യവും നിലനിൽക്കുന്നു. അബ്ദുല്ലാ രാജാവിന്റെ സംരംഭം അവഗണിക്കാനാവാത്ത ഒരു തരംഗമായി പടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഈ ദൗത്യം വിജയിച്ചാൽ, മുസ്‌ലിംകൾ അവരുടെ സംസ്കാരംകൊണ്ടും കലാ വൈജ്ഞാനിക സാഹിത്യങ്ങൾ കൊണ്ടും ശാസ്ത്രീയ കണ്ടെത്തലുകൾ കൊണ്ടും ഒരിക്കൽ കൂടി ഇസ്‌ലാമിന്റെ സുവർണയുഗം വിരിയിച്ചെടുക്കുന്നത് ലോകത്തിന് കാണാനായേക്കും. ■

mdnalapat@gmail.com